ശമ്പളച്ചെലവിലുണ്ടാകുന്ന വർദ്ധനവ്

*43 [47] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ:
,, കെ. പി. പ്രഭാകരൻ
,, കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-8-1985-ൽ ഗവൺമെന്റ് പ്രഖ്യാപിച്ച ശമ്പള പരിഷ്കരണം മൂലം 1985-86-ലെ ശമ്പളച്ചെലവിലുണ്ടാകുന്ന വർദ്ധനവ് എത്ര;

(ബി) ഈ ശമ്പള വർദ്ധനവുമൂലം 1985-86 ലെ ബഡ്ജറ്റ് കമ്മിയിൽ വർദ്ധന ഉണ്ടാകുമോ;

(സി) എങ്കിൽ അത് എങ്ങിനെ പരിഹരിക്കാം എന്നാണ് കരുതുന്നത്?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിന് 1985-86-ൽ ഉദ്ദേശം 50 കോടി രൂപ വേണ്ടിവരും. ഇടക്കാലാശ്വാസം അനുവദിച്ചതിനുവേണ്ടി വരുന്ന തുക ഒഴിവാക്കിയാൽ അധികച്ചെലവ് 30 കോടി രൂപയായിരിക്കും. പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വർദ്ധിപ്പിക്കുവാനുള്ള തുക ഇതിനുപുറമെ വേണ്ടിവരും.

(ബി) ഉണ്ടാകും

(സി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ചെലവു ചുരുക്കിയും ഈ കമ്മി നികത്താമെന്നാണ് കരുതുന്നത്.

മൈസൂർ ടി. സി. എച്ച്. അദ്ധ്യാപകർ

*44 [48] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈസൂർ ടി. സി. എച്ച്. അദ്ധ്യാപകരുടെ പ്രശ്നം ഏത് ഘട്ടത്തിലിരിക്കുന്നു;

(ബി) ഇൻസർവ്വീസ് കോഴ്സ് ഏർപ്പെടുത്തി ഈ അദ്ധ്യാപകരെ അംഗീകരിക്കാമോ;

(സി) ഇതൊരു മാനുഷിക പ്രശ്നമായി കണക്കാക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) വ്യാജ മൈസൂർ ടി. സി. എച്ച്. സർട്ടിഫിക്കറുകൾ ഹാജരാക്കി ഉദ്യോഗത്തിൽ പ്രവേശിച്ച 391 അദ്ധ്യാപകരുടെ നിയമനം റദ്ദാക്കുന്നതിനുള്ള സത്വര നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(ബി) ഇല്ല

(സി) കേസ്സിന്റെ പശ്ചാത്തലത്തിൽ മാനുഷിക പ്രശ്നമൊന്നും ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly